## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1646** **08.06.2018 ൽ മറുപടിയ്ക്ക്**

# നായരമ്പലം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജക മണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിനെ 2016-17 വർഷം കേരഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുക്കുകയും "കേരഗ്രാമം" പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഞാറക്കൽ, നായരമ്പലം, ഇടവനക്കാട്, പള്ളിപ്പുറം, കുഴിപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ കേരകൃഷിയുള്ള പ്രദേശങ്ങൾ ചേർത്തുകൊണ്ട് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രദേശത്ത് നായരമ്പലം പഞ്ചായത്തിന്റെ 100 ഹെക്ടർ തെങ്ങിൻതോട്ടം ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി ആവിഷ്കരിച്ച ടി സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും, അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യമിടുന്നത്.<br>തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായും പ്രായാധിക്യം വന്നു ഉൽപാദനക്ഷമത നശിച്ച തെങ്ങുകൾ |

വെട്ടിമാറ്റി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125.00 ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു.

കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 120 എണ്ണം വരെ നൽകുന്നതിന് 2.40 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 42 ഹെക്ടറിലേക്കായി 10.50 ലക്ഷം രൂപയും, ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് ഒന്നിന് 10,000/- രൂപ നിരക്കിൽ ഒരു കേര ഗ്രാമത്തിൽ 15 യൂണിറ്റുകൾക്ക് 1.5 ലക്ഷം രൂപയും ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000/- രൂപയും കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവത്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000/-രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേര സമിതിക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നായരമ്പലം ഗ്രാമപഞ്ചായത്തിൽ മാത്രമായി 100 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുകയും സംയോജിത വളപ്രയോഗ മാർഗ്ഗങ്ങൾ, ഇടവിളകൃഷി, ജലസേചന സൗകര്യം ഒരുക്കൽ , കാർഷിക യന്ത്രവത്കരണം തുടങ്ങിയ ഘടകങ്ങൾ എല്ലാം പ്രസ്തുത പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്തിരുന്നു.

Mayaf

**സെക്ഷൻ ഓഫീസർ**